**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 252** **01-02-2023 - ൽ മറുപടിയ്ക്ക്**

**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിൽ സജ്ജമാക്കിയ ലബോറട്ടറി സംവിധാനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തിരുവനന്തപുരത്ത് തോന്നയ്ക്കലിൽ സ്ഥിതി ചെയ്യുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിൽ സജ്ജമാക്കിയ ലബോറട്ടറി സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ കൂടുതൽ വികസിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്നത് വിശദമാക്കാമോ? | (എ) | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിൽ നിലവിലുള്ള ലബോറട്ടറി സംവിധാനങ്ങളും അടിസ്ഥാന സൗകര്യങ്ങളും മെച്ച പ്പെടുത്തുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>1. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ നേതൃത്വത്തിൽ നിർമാണം പൂർത്തിയാക്കിയ 80,000 ചതുരശ്ര അടി ഫേസ് I B കെട്ടിടത്തിൽ 8 പുതിയ ലാബുകളുടെ നിർമ്മാണം പുരോഗമിക്കുന്നു.<br><br>2. സാംക്രമിക വൈറസുകളെക്കുറിച്ചുള്ള പഠനവും ഗവേഷണവും സുഗമമാക്കുന്നതിന് ബിഎസ്എൽ III സൗകര്യം സ്ഥാപിക്കാൻ ഇൻസ്റ്റിറ്റ്യൂട്ട് പദ്ധതിയിടുന്നു. 2023-24 വർഷത്തിൽ BSL III ലാബിന്റെ നിർമ്മാണം പൂർത്തിയാക്കാനും ഉദ്ദേശിക്കുന്നു.<br><br>3. 2021-2024 വർഷത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന കാര്യപരിപാടിയായി വിവിധ ഫ്ലാഗ്ഷിപ്പ് പ്രോജക്ടുകൾ വിഭാവനം ചെയ്ത് പ്രവർത്തനം തുടങ്ങി.<br><br>4.ക്ലിനിക്കൽ സാമ്പിളുകളുടെ ബയോ റെപ്പോസിറ്ററി ഉണ്ടാക്കി അജ്ഞാതമായ വൈറസ് രോഗങ്ങളെ കണ്ടെത്തുന്നതിനുള്ള മെറ്റാജെനോമിക് സീക്വൻസിങ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.<br><br>5.കൂടാതെ ഇതുവരെ രോഗ നിർണയം സാധ്യമല്ലാത്ത സാമ്പിളുകൾ ശേഖരിച്ച് ഇല്യൂമിന പ്ലാറ്റ്ഫോം ഉപയോഗിച്ച് എറ്റിയോളജി തിരിച്ചറിയാനുള്ള പദ്ധതി തുടങ്ങുവാൻ ഉദ്ദേശിക്കുന്നു.<br><br>6. വാക്സിൻ പ്രതിരോധ പഠനങ്ങൾക്കും സീറോ നിരീക്ഷണ പഠനങ്ങൾക്കുമായി വൈറൽ ബയോ അസ്സെ ഫെസിലിറ്റി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| | | | 7.റികോമ്പിനന്റ് ഹ്യൂമൻ മോണോ ക്ലോണൽ ആന്റിബോഡികൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഫേജ് ഡിസ്‌പ്ലേ സ്ക്രീനിംഗ് സൗകര്യം നിർമ്മിക്കുന്നതിനായി ബാക്ടീരിയോഫേജ് ലാബ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു.<br><br>ഇതിനെല്ലാം പുറമേ സ.ഉ(എം.എസ്)1/2023/ ശാ.സാ.വ തീയതി 13.01.2023 പ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷനും, റൂൾസ് ആന്റ് റെഗുലേഷൻസും സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിനെ ട്രാവൻകൂർ കൊച്ചിൻ ലിറ്റററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് പ്രകാരം സൊസൈറ്റി ആയി രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ